റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഈ അപമാനത്തിൽ നിന്നും ഉടനെ രക്ഷ നേടണം എന്നുതന്നെയാണ് എന്റെയും ആഗ്രഹം. ഇത് 1996 മുതൽക്ക് എം.എൽ.എ. ഇവിടെ ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളൊക്കെ പരിശോധിച്ചിരുന്നു. 17 കുടുംബങ്ങൾക്ക് 46 ആർ ഭൂമിയാണുള്ളത്. എല്ലാം ഒരു സെന്റ്, രണ്ട് സെന്റ്, മൂന്ന് സെന്റ് ഒക്കെ കൈവശമുള്ളവരാണ്. ഇന്നത്തെ നിയമ വ്യവസ്ഥയനുസരിച്ച് മാർക്കറ്റ് വില കൊടുക്കണം എന്ന ഒരു പ്രശ്നമുണ്ട്. അങ്ങനെ വരുമ്പോൾ 3 ലക്ഷത്തിലേറെ രൂപയാണ് അതിന് വേണ്ടിവരുന്നത്. ഇത് 1968-ൽ പെരിയാർവാലി പ്രോജക്ടിനുവേണ്ടി പൊന്നുംവിലയ്ക്കെടുത്ത് കനാലിനുവേണ്ടി ഉപയോഗിച്ചു ബാക്കി വന്ന സ്ഥലമാണ്. ആ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിന് തന്നെ വിട്ടുകിട്ടിയിട്ടുണ്ട് എന്നാണ് റിപ്പോർട്ട്. ഇങ്ങനെ വിട്ടു കിട്ടിയിട്ടുള്ളതിനാൽ വേറെ നിയമ തടസ്സമൊന്നുമില്ല. കഴിയുന്നതും വേഗം ഇത് കൊടുക്കും. അവർ വളരെ പാവപ്പെട്ടവരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിൽ ഇത് സൗജന്യമായി കൊടുക്കാനുള്ള സാദ്ധ്യതകൾ ഉണ്ടോയെന്ന് പരിശോധിച്ച് കഴിയുന്നതും വേഗം പരിഹാരം ഉണ്ടാക്കുന്നതാണ്.

(10) ചാലക്കുടി താലൂക്ക് രൂപീകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : റവന്യൂ യൂണിറ്റികളുടെ അതിർത്തി വ്യതിയാനവും സെൻസസും തമ്മിൽ ബന്ധപ്പെടുത്തി സെൻസസ് ഡയറക്ടർ ജനറൽ അതിർത്തി വ്യതിയാനം 2000 മാർച്ച് വരെ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് ആർക്കാണ് സൗകര്യമാകുന്നത് എന്ന അറിയാൻ വയ്യാഞ്ഞിട്ടല്ല. എങ്കിലും പ്രതിപക്ഷാംഗങ്ങൾക്ക് നെഗറ്റീവ് ആയിട്ട് ഉത്തരം കൊടുക്കാൻ താൽപ്പര്യമില്ലാത്ത ഒരു മന്ത്രിയാണ് വകുപ്പ് ഭരിക്കുന്നത് എന്നുള്ളതുകൊണ്ട് അഭ്യർത്ഥിക്കുകയാണ്, ചാലക്കുടി താലൂക്ക് അനുവദിക്കണം. "വെറുതെയീമോഹങ്ങൾ എന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം." പോസിറ്റീവായിട്ട് ഒരു ഉത്തരം തന്ന് ചാലക്കുടി താലൂക്ക് രൂപീകരിക്കണമെന്ന് വിനയപൂർവ്വമായി അഭ്യർത്ഥിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകും. പക്ഷേ അത് അതിജീവിക്കാനുള്ള കരുത്ത് സർക്കാരിന് ഉണ്ടാകണം. നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വേണം. മുകുന്ദപുരം താലൂക്കിന് 1315.93 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. നാലര മുതൽ 5 ലക്ഷംവരെ മതി ജനസംഖ്യ. 1991-ലെ സെൻസസ് അനുസരിച്ചുതന്നെ 738658 ഉണ്ട് മുകുന്ദപുരം താലൂക്കിലെ ജനസംഖ്യ. പിന്നെ പരിഗണനയിൽ വരുന്ന വിഷയം ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ പിന്നോക്കാവസ്ഥയാണ്. മലക്കപ്പാറ, തവളക്കുഴിപ്പാറ, വെട്ടിച്ചുടുകാട്, കണ്ടിക്കുന്നു, കാട്കുറ്റി, തുടങ്ങിയ സ്ഥലപ്പേരുകൾ മാത്രം മതി ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ താലൂക്കിന്റെ പിന്നോക്കാവസ്ഥ പ്രദർശിപ്പിക്കാൻ ജനങ്ങളുടെ വികാരങ്ങൾ പ്രാദേശിക സാഹചര്യങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ട് റവന്യൂ പുനഃസംവിധാനം പൂർത്തീകരിക്കുന്ന മുറയ്ക്ക് താലൂക്ക് പുനഃസംവിധാനം നിർവ്വഹിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയുടെ സമ്മേളനത്തിൽ തന്നെ ഞങ്ങളെയൊക്കെ അറിയിച്ചതാണ്. അങ്ങ് ചാലക്കുടിക്ക് വന്നാൽ ബഹുജനവികാരം ഞാൻ നേരിൽ ബോദ്ധ്യപ്പെടുത്തി തരാം. അതല്ലെങ്കിൽ ജനപ്രതിനിധിയെ വിശ്വസിക്കണം. 1989-ൽ ഒരു ജില്ലയ്ക്ക് ഒരു താലൂക്ക് എന്ന പ്രൊപ്പോസൽ ഉണ്ടായിരുന്നതാണ്. ചാലക്കുടിക്ക് മുൻഗണന ഉണ്ടായിരുന്നതാണ്. വിസ്തൃതിയിൽ 14-ഉം ജനസംഖ്യയിൽ 9-ഉം സ്ഥാനത്തു നിൽക്കുന്ന ആലപ്പുഴ താലൂക്കുകളുടെ എണ്ണം വച്ച് നോക്കുമ്പോൾ രണ്ടാം സ്ഥാനത്താണ് ആലപ്പുഴ നിൽക്കുന്നത്. ജനസംഖ്യയിൽ 11-ാമതും വിസ്തൃതിയിൽ 6-ാം സ്ഥാനത്തുമുള്ള പത്തനംതിട്ടയാണ് താലൂക്കുകളുടെ എണ്ണം വച്ച് 3-ാം സ്ഥാനത്ത്. ഈ രണ്ട് അംശങ്ങളിലും 10-ാം സ്ഥാനത്തു നിൽക്കുന്ന കോട്ടയമുണ്ട്. മൂന്നാം സ്ഥാനത്ത്. പക്ഷേ ഈ രണ്ട് അംശങ്ങളിലും വളരെ മുൻപിലുള്ള മുകുന്ദപുരം താലൂക്കിന് അർഹതപ്പെട്ട വിഹിതം കിട്ടുന്നില്ല. സെൻസസ് ഡയറക്ടർ ജനറലിന്റെ നിർദ്ദേശത്തിന്റെ പുക്കയ്ക്കുള്ളിൽ ഒളിച്ചിരിക്കാതെ താലൂക്ക് ആസ്ഥാനമാക്കി ചാലക്കുടി താലൂക്ക് അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഇപ്പോൾ അപ്പു കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശിക്കുന്നത് ബ്ലോക്ക് തലത്തിൽ താലൂക്ക് ആകണമെന്നാണ്. ഞങ്ങൾ അതും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിക്കുന്നതിൽ ഒരു കുറവുമില്ല. പക്ഷേ മോഹം കൊടുത്ത് അംഗീകരിക്കാതെ കഴിഞ്ഞ കാലങ്ങളിൽ കുറെ പറ്റിച്ചു. അതിന്റെ മുഴുവൻ പാപഭാരം പേറേണ്ടി വരുന്നത് ഞാനായിപ്പോയി, ഈ ഗവൺമെന്റായിപ്പോയി. അന്ന് രണ്ടു താലൂക്ക് മാത്രമേ പ്രഖ്യാപിച്ചുള്ളൂ. ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷ നേതാവ് അന്ന് മുഖ്യമന്ത്രിയായിരുന്നു. അന്ന് ചെയ്യാമായിരുന്നു. അത്യാവശ്യമായി വേണ്ട താലൂക്ക് പട്ടാമ്പി, ചാലക്കുടി ഇതൊക്കെ ചെയ്യാമായിരുന്നു. ഒരു കുട്ടിയെ വഴിയിലിട്ടു പോയാൽ അതിനെ പുലർത്തണ്ടേ ? ഞാൻ വന്നതിനുശേഷം ഈ ഗവൺമെന്റാണ് ഈ പോസ്റ്റ് ക്രിയേറ്റ് ചെയ്തത്. ഓഫീസ് ഉണ്ടായതും അവർക്ക് കുടിശ്ശിക തീർത്തു കൊടുത്തതും. ബാദ്ധ്യത മുഴുവൻ ഞങ്ങളുടെ തലയിൽ വച്ചിട്ട് പോവുകയാണ് ചെയ്തത്. അതുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ ചെയ്തതു പോലെ അശാസ്ത്രീയമായ സംവിധാനം ഇതിൽ പാടില്ലായെന്ന് തീരുമാനിച്ചു. അതുകൊണ്ട് റവന്യൂ പുനഃസംവിധാനം എന്നത് ഈ ഗവൺമെന്റ് വന്നപ്പോൾ മുഖ്യ വിഷയമായി എടുത്തതാണ്. അതിന്റെ തുടർച്ചയായി പ്രാരംഭം എന്നുള്ള നിലയിൽ റവന്യൂ ബോർഡ് പിരിച്ചുവിട്ടു. റവന്യൂ പുനഃസംവിധാനം നടത്തി. ഒരുപാട് ഓഫീസുകളും പോസ്റ്റുകളും വേണ്ടെന്ന് വച്ചു. അങ്ങനെ അയ്യായിരത്തിലേറെ ആളുകൾക്ക് റവന്യൂ സംവിധാനത്തിൽ പ്രൊമോഷനുണ്ടായി. ആ നടപടികളുടെ അവസാനത്തെ കണ്ണിയാണ് താലൂക്ക് രൂപീകരണം. ബാക്കിയെല്ലാം ഇപ്പോൾ പൂർത്തിയായി. റവന്യൂ പുനഃസംവിധാനം മുഴുവൻ പൂർത്തിയായിക്കഴിഞ്ഞു. അടുത്തത് താലൂക്ക് രൂപീകരണമാണ്. താലൂക്ക് രൂപീകരണത്തിന്റെ കാര്യം പറയുമ്പോൾ പുറകോട്ട് പോകുന്നില്ല. സെൻസസ് ആരംഭിച്ച നമ്മുടെ രാജ്യത്ത്, ഇന്ത്യയിലൊട്ടാകെ, സെൻസസ് ഡയറക്ടർ ജനറലിന്റെ നിർദ്ദേശം 2001 മാർച്ച് വരെ നിലവിലുള്ള അതിർത്തിയിൽ ഒരു മാറ്റവും വരുത്താൻ പാടില്ല എന്നാണ്. അതുകൊണ്ട് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണ്. ഞങ്ങൾ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പറഞ്ഞതുപോലെ ഭൂമിശാസ്ത്രപരമായ അവസ്ഥയും പിന്നോക്കാവസ്ഥയും ജനസംഖ്യയുമൊക്കെ കണക്കിലെടുക്കും. .അതൊക്കെ കണക്കിലെടുത്ത് ഈ ഗവൺമെന്റ് താലൂക്ക് പ്രഖ്യാപിക്കും. ആ താലൂക്ക് പ്രഖ്യാപിക്കുമ്പോൾ അർഹമായ പ്രാധാന്യങ്ങൾ എന്തൊക്കെയുണ്ടോ അതെല്ലാം ഉൾപ്പെടും. അത് ഉൾപ്പെടുത്തുമ്പോൾ ഈ ചാലക്കുടിയും പരിഗണിക്കപ്പെടുന്നതാണെങ്കിൽ അതും ഉൾപ്പെടും. ഈ അടിസ്ഥാനത്തിലുള്ള ഒരു മനോഭാവം ഈ കാര്യത്തിൽ വേണം. പട്ടാമ്പിയും ഈ പരിഗണനയിൽ വരുന്നതാണെങ്കിൽ പട്ടാമ്പിക്കും കിട്ടുന്നതാണ്. അതുകൊണ്ട് മറുഭാഗത്തു നിങ്ങൾ ചെയ്തതു പോലെ ഞങ്ങൾ പക്ഷപാതിത്വമൊന്നും കാണിക്കുകയില്ല. അർഹമായ പരിഗണന എല്ലാവർക്കും കിട്ടും. കഴിയുന്നതും വേഗം അതിന് ഒരു തീരുമാനമെടുത്ത് പ്രഖ്യാപിക്കും.

(11) കേരള നഗര വികസന-ഗ്രാമവികസന കോർപ്പറേഷനുകളുടെ ശോച്യാവസ്ഥ

ശ്രീ. എം. ദാസൻ : കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെയും ഗ്രാമവികസന കോർപ്പറേഷന്റെയും ശോച്യാവസ്ഥയെ സംബന്ധിച്ചാണ് എനിക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1970-ൽ രൂപീകരിച്ച കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെ 30 വർഷക്കാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസിലാകും. കേരളത്തിലെ നഗരസഭകൾക്കു ആവശ്യമായ ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ കോർപ്പറേഷൻ രൂപീകരിച്ചത്. ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും നഗര വികസന കോർപ്പറേഷന്റെയും ഗ്രാമവികസ കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ രൂപത്തിൽ ഈ സ്ഥാപനങ്ങളെ മാറ്റിയെടുക്കാനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കെ.യു.ഡി.എഫ്.സി. ഒരു ശോച്യാവസ്ഥയിലല്ല എന്നറിയിക്കാൻ എനിക്ക് താത്പര്യമുണ്ട്. മാത്രവുമല്ല കഴിഞ്ഞ കാലങ്ങളിൽ നഗരസഭകൾ ധാരാളം കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടായിരുന്നു. മിക്കവാറും കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. ഇപ്പോൾ സാമ്പത്തികമായും മെച്ചപ്പെട്ട ഒരു അവസ്ഥയിലാണ് അത് പ്രവർത്തിക്കുന്നത്. കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിൽ കൊണ്ടുവരുന്നതിനുവേണ്ടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു നാലംഗ സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ആ സമിതിയുടെ റിപ്പോർട്ട് കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള മാറ്റം വരുത്തും. പിന്നെ ആർ.ബി.ഡി. അതിന് പഞ്ചായത്തുകൾക്ക് ഷോപ്പിംഗ് കോപ്ലക്സ് അതുപോലുള്ള മറ്റു കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന ജോലിയായിരുന്നു. അത് വേണ്ടെന്നുവച്ച് അതൊരു

LIBRARY ARCHIVES Kerala Legislative Assembly